**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **06-02-2023 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേട്ടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കി ലഭ്യമാക്കാമോ; | (എ) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>വകുപ്പ് വഴി നടപ്പിലാക്കുന്ന ഭവന പുനരുദ്ധാരണം , ലൈഫ് മിഷൻ ഒന്നാം ഘട്ടം എന്നിവയിൽ ഉൾപ്പെടുത്തി പ്രസ്തുത നിയോജക മണ്ഡലത്തിലെ അമ്പൂരി ഗ്രാമ പഞ്ചായത്തിലെ 20കുടുംബങ്ങൾക്കും ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 3 കുടുംബങ്ങൾക്കും വെള്ളറട ഗ്രാമപഞ്ചായത്തിലെ ഒരു കുടുംബത്തിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പാറശ്ശാല നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; നിർമ്മാണം ആരംഭിക്കാത്ത കോളനികളിലെ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br><br>പാറശ്ശാല ബ്ലോക്കിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള മലഞ്ചുറ്റ് കോളനിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ലഭ്യമായിട്ടുണ്ട്. കൂടാതെ പെരുങ്കടവിള ബ്ലോക്കിൽ നിന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ എ.കെ.ജി കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><br>പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും അമ്പൂരി പഞ്ചായത്തിലെ തെന്മല പട്ടിക വർഗ കോളനിയെയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിക്കായി തെരെഞ്ഞെടുത്തിട്ടുള്ളത്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പുരവിമല തേക്കിൻമൂദ് റോഡ് ഇന്റർലോക്ക് രണ്ടാം ഘട്ടം , പീയണിപ്പാറ – |

| | | | |
|---|---|---|---|
| | | | കണ്ണമാമ്മൂട് റോഡ് ഇന്റർലോക്ക് രണ്ടാം ഘട്ടം , നടപ്പാത നിർമ്മാണം രണ്ടാം ഘട്ടം എന്നീ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | തദ്ദേശ സ്ഥാപനത്തിന്റെ പേര് | എണ്ണം | | |
|---|---|---|---|---|
| | | വകുപ്പ് മുഖേന | തദ്ദേശ സ്ഥാപനം മുഖേന | സേഫ് പദ്ധതി മുഖേന |
| 1 | കൊല്ലയിൽ | 2 | 16 | 7 |
| 2 | പെരുങ്കടവിള | 2 | 13 | 7 |
| 3 | ഒറ്റശേഖരമംഗലം | 6 | 28 | 6 |
| 4 | വെള്ളറട | 4 | 21 | 6 |
| 5 | അമ്പൂരി | 0 | 11 | 3 |
| 6 | കള്ളിക്കാട് | 3 | 9 | 2 |
| 7 | ആര്യൻകോട് | 2 | 13 | 8 |
| 8 | കുന്നത്തുകാൽ | 1 | 12 | 6 |
| 9 | പാറശ്ശാല | 6 | 3 | 8 |
| | ആകെ | 26 | 126 | 53 |